**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**<u>സംഗ്രഹം</u>**

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയന്സസിലെ പി.ജി കോഴ്സുകളുടെ ഫീസ് ഗവണ്മെന്റ് ഉത്തരവ് പ്രകാരം 5 % വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 4044/AC A 1/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 22.08.2019

---

പരാമർശം:-1സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയന്സസിലെ വിദ്യാർത്ഥികളിൽ നിന്നും 28/ 03/ 2019 ൽ ലഭിച്ച അപേക്ഷ .

2)സ.ഉ .നം 5798/എ1/2/18അക്കാഡമിക് തീയതി 27/07/ 2018.

3)സർക്കാർ ഉത്തരവ് (അച്ചടി )നം 28/ 2019 ധന തീയതി 08/03/2019 .

4)സിൻഡിക്കേറ്റ് മിനിറ്റ്സ് ഇനം 122/ 19.06/DDFS/11361/2019 തീയതി 17/ 07/2019.

**<u>ഉത്തരവ്</u>**

സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ പി.ജി കോഴ്സുകളുടെ ഫീസ്, മറ്റു പഠനവകുപ്പുകളെ അപേക്ഷിച്ച് കൂടുതലാണെന്ന കാരണത്താൽ ഫീസ് കുറയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത ഡിപ്പാർട്മെന്റിലെ വിദ്യാർഥികൾ പരാമർശം (1) പ്രകാരം പരാതി സമർപ്പിച്ചിരുന്നു. 2006 ൽ പുറപ്പെടുവിച്ചിട്ടുള്ള സർവകലാശാല ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള ഫീസ് നിരക്കുകളാണ് വിദ്യാർത്ഥികളിൽ നിന്നും നാളിതുവരെ ഈടാക്കിയിരുന്നത്. പരാമർശം (2) പ്രകാരമുള്ള ഉത്തരവിൽ ഇതേ ഫീസ് നിരക്കുകൾ ക്രോഡീകരിക്കുക മാത്രമാണ് ചെയ്തിട്ടുള്ളത്. പരാമർശം (1) പ്രകാരമുള്ള പരാതി പരിഗണിച്ച സിൻഡിക്കേറ്റ് പരാമർശം (3) ലെ ഗവണ്മെന്റ് ഉത്തരവ് നടപ്പിലാകുന്നതിനു പരാമർശം (4) പ്രകാരം താഴെ പറയും വിധം തീരുമാനം എടുത്തു.

"സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസിലെ പി.ജി കോഴ്സുകളുടെ ഫീസ് 2006 - ൽ മാത്രമാണ് അവസാനമായി നിശ്ചയിച്ചത്. നിലവിൽ സർക്കാർ ഉത്തരവ് നം 28/2019/ധന തീയതി 08.03.2019 പ്രകാരം നിലവിലുള്ള ഫീസുകളിൽ 01.04.2019 മുതൽ 5% മാത്രം വർദ്ധനവ് അനുവദിക്കാവുന്നതാണെന്നും തീരുമാനിച്ചു."

സിൻഡിക്കേറ്റിന്റെ മേൽ തീരുമാനപ്രകാരം സ്കൂൾ ഓഫ് എൻവയോണ്മെന്റൽ സയൻസസിലെ ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളുടെ ട്യൂഷൻ ഫീസുകൾ താഴെപ്പറയുന്ന പ്രകാരം പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

| Semester | Name of Course | Previous fee per Sem. | Revised fee Per sem. |
| --- | --- | --- | --- |

Draft #3 of File 11361/AC A1/2/2019/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 21-Aug-2019 04:08 PM - Page 1

| | | ₹ | ₹ |
|---|---|---|---|
| Sem. I | MSc Environment science & Management | 6925 | 7271 |
| Sem. II | MSc Environment science & Management | 6970 | 7318 |
| Sem. III | MSc Environment science & Management | 7193 | 7552 |
| Sem. IV | MSc Environment science & Management | 6970 | 7318 |
| Sem. I | MSc Environment Science & Disaster Management | 7275 | 7638 |
| Sem. II | MSc Environment Science & Disaster Management | 7500 | 7875 |
| Sem. III | MSc Environment Science & Disaster Management | 7723 | 8109 |
| Sem. IV | MSc Environment Science & Disaster Management | 7500 | 7875 |

പുതുക്കിയ ഫീസ് നിരക്കുകൾ 01.04.2019 മുതൽ പ്രാബല്യത്തിലായിരിക്കുന്നതാണ്.

തദനുസരണം പരാമർശം (2) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

സനൽകുമാർ റ്റി വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വകുപ്പ് മേധാവി , സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ്
2. വി സി , പി വി സി മാരുടെ പി എസ് മാർ
3. രജിസ്ട്രാർ, എഫ് ഒ, സി ഇ എന്നിവരുടെ പി എ മാർ
4. എസി സി 1/എസി സി 2
5. അക്കൗണ്ട്സ് III / CITAD
6. ഐക്യുഎസി /പി ആർ ഒ/ ENQUIRY
7. കരുതൽ ഫയൽ / റെക്കോർഡ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

Draft #3 of File 11361/AC A1/2/2019/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 21-Aug-2019 04:08 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സെക്ഷൻ ഓഫീസർ

Draft #3 of File 11361/AC A1/2/2019/VC SECTION Approved by ASSISTANT REGISTRAR I (ACADEMIC) on 21-Aug-2019 04:08 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം